കോൺട്രാക്ടായി നൽകിയിട്ടുണ്ട്. മീറ്ററുകൾക്ക് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസുമായി റേറ്റ് കോൺട്രാക്ട് നിലവിലുണ്ട്.

(ഇ) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കഴിയുന്ത്ര ട്രാൻസ്ഫോർമറുകളും മീറ്ററുകളും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയാണ് ഇപ്പോഴും ചെയ്യുന്നത്. ആയതിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്ത് ശതമാനം പ്രൈസ് പ്രിഫറൻസ് നൽകാറുമുണ്ട്.

വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്താൻ പദ്ധതി

11(*191) ശ്രീ. എം. എ. തോമസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരമാണ്ടിൽ സംസ്ഥാനത്ത് വൈദ്യുതോല്പാദനകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്ന സർക്കാർ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഉല്പാദന-പ്രസരണ-വിതരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദന-പ്രസരണ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

(ഡി) വൈദ്യുതി ഉല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) വൈദ്യുതി ഉല്പാദനം വർദ്ധിക്കുന്നതിനുസരിച്ച് പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുക.

2. പുതിയ ജലവൈദ്യുത പദ്ധതികളും, താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. പഴക്കമുള്ള ജലവൈദ്യുത പദ്ധതികൾ നവീകരിക്കുകയും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.

4. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.

5. ഊർജ്ജ സംരക്ഷണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

6. കുറ്റമറ്റ പ്രസരണ-വിതരണ ശൃംഖല സ്ഥാപിക്കുക.

7. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ വൈദ്യുത ഉല്പാദന നിലയങ്ങൾ സ്ഥാപിക്കുക.

8. ചൈനീസ് സാങ്കേതിക-സാമ്പത്തിക സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കും. അവയിൽ 4 പൈലറ്റ് പദ്ധതികൾ ഈ വർഷം ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത ഉല്പാദന രംഗത്ത് താഴെപ്പറയുന്ന പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

1.	കോഴിക്കോട് താപനിലയം	-	128 മെ.വാ.
2.	കുറ്റ്യാടി എക്സ്റ്റൻഷൻ	-	50 മെ.വാ.
3.	ബി.എസ്.ഇ.എസ്.കൊച്ചി (സ്വകാര്യമേഖല)	-	165.6 മെ.വാ.
4.	ഡി.സി.പവ്വർ ലിമിറ്റഡ് കാസർകോഡ് (സ്വകാര്യ താപനിലയം)	-	107 മെ.വാ
5.	ആർ.പി.ജി.നിലയം കാസർകോഡ്- (സ്വകാര്യ താപനിലയം)		20 മെ.വാ.
6.	കായംകുളം എൻ.ടി.പി.സി.	-	350 മെ.വാ.

ഇതിനു പുറമേ ജില്ലാ പഞ്ചായത്തുകൾ മുഖേന നാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ, ചൈനയുടെ സാങ്കേതിക-സാമ്പത്തിക സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 മെ.വാ.) ആതിരപ്പള്ളി (163 മെ.വാ.) ജലവൈദ്യുത പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ നവീകരിച്ച് കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി പതിയാർ, ചെങ്കുളം, പള്ളിവാസൽ എന്നിവയുടെ നവീകരണവും ശേഷിവർദ്ധിപ്പിക്കലും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുന്ന ജോലികളുടെ പ്രാരംഭനടപടികൾ നടന്നുവരുന്നുണ്ട്. പ്രസരണ രംഗത്ത് അപര്യാപ്തത പരിഹരിക്കുന്നതിനായി ആറ് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും, അൻപത്തിനാല് 110 കെ.വി. സബ്സ്റ്റേഷനുകളുടെയും, പതിനഞ്ച് 66 കെ.വി.സബ്സ്റ്റേഷനുകളും നൂറ്റി രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളുടേയും (110/33/11 കെ.വി. സബ്സ്റ്റേഷനുകളുടേയും) അനുബന്ധലൈനുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വിതരണരംഗത്ത് 30-9-1999 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള വെതർപ്രൂഫ് കണക്ഷനുകളും 31-12-1996 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള 6 ഹെഡ് കണക്ഷനുകളും 31-03-1994 വരെ മിനിമം ഗ്യാരന്റി വെച്ചിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ വർക്കുകളും 1999-2000 സാമ്പത്തിക വർഷത്തിൽ തന്നെ ചെയ്ത് തീർക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ഇതിന്റെ ഫലമായി ഉല്പാദന രംഗത്ത് സ്ഥാപിത ശേഷിയിൽ (ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പണി നടന്നുകൊണ്ടിരുന്ന നിലയങ്ങളുടെ പണി പൂർത്തിയാക്കിയതുമൂലമുണ്ടായ വർദ്ധനവടക്കം) 876 മെഗാവാട്ടിന്റെ വർദ്ധനവ് നേടുന്നതിന് സാധിച്ചിട്ടുണ്ട്. പ്രസരണ രംഗത്ത് ആറ് 220 കെ. വി. സബ്സ്റ്റേഷനുകളും, പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും, രണ്ട് 66 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ഡി) പ്രസരണ രംഗത്തെ പര്യാപ്തതയാണ് ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കുന്നതിനുള്ള പ്രധാന തടസ്സം. പ്രസരണരംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി ലോഡ്ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കാൻ സാധിക്കുന്നതാണ്. എന്നാൽ എസ്.എസ്.എൽ.സി. പരീക്ഷ പ്രമാണിച്ച് പൊതു താല്പര്യം കണക്കിലെടുത്ത് ഇപ്പോൾ ലോഡ് ഷെഡ്ഡിംഗ് താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്.

(ഇ) പുതിയ 220 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകൾ അപ് ഗ്രേഡ് ചെയ്യുക, പുതിയ 110 കെ.വി. 33. കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുക എന്നിവയ്ക്കായി ആർ.ഇ.സി. യുടെ സാമ്പത്തിക സഹായത്തോടെ മൊത്തം 800 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത്, വരുന്ന രണ്ട് വർഷകാലയളവിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള പവർ ഫിനാൻസ് കോർപ്പറേഷന്റെ സഹായത്തോടെ മൊത്തം 95 കോടി രൂപയുടെ പ്രസരണ രംഗത്തെ പദ്ധതികളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്നതാണ്. കൂടാതെ ബോർഡ് ഫണ്ട് ഉപയോഗിച്ച് വിവിധ സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക. പുതിയ രണ്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക, പവർ ഫിനാൻസ് കോർപ്പോറേഷന്റെ സഹായത്തോടെ കപ്പാസിറ്ററുകൾ സ്ഥാപിക്കുക എന്നിവയെല്ലാം പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

LIBRARY ARCHIVES Kerala Legislative Assembly